അങ്കണവാടി കുട്ടികൾക്കുള്ള ബാല്യസ്പന്ദനം ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിക്ക് ജില്ലയിൽ തുടക്കം

കോഴിക്കോട്: അങ്കണവാടി കുട്ടികൾക്കുള്ള ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിയായ ബാല്യസ്പന്ദനം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കോഴിക്കോട് സിവിൽ സ്റ്റേഷൻ നവചേതന അങ്കണവാടിയിൽ ജില്ലാ കലക്ടർ എം.എസ് മാധവിക്കുട്ടി നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ.ടി സരിതകുമാരി അധ്യക്ഷയായി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി.കെ അഫ്സൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. നവ്യ ജെ തൈക്കാട്ടിൽ പദ്ധതി വിശദീകരിച്ചു. വാർഡ് കൗൺസിലർ കെ.സി. ശോഭിത, ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസർ പി.പി അനിത, ടെക്നിക്കൽ അസിസ്റ്റന്റ് സി രാജൻ, ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ഡോ. എൽ. രവീല, സി.ഡി.പി.ഒ തങ്കമണി, എം.സി.എച്ച് ഓഫീസർ ഷൈറുന്നിസ, ഡി.പി.എച്ച്.എൻ. ജമീല, സിവിൽ സ്റ്റേഷൻ യുപി സ്കൂൾ പ്രധാനാധ്യാപിക ഷോളി, ജില്ലാ ആർ.ബി.എസ്.കെ കോഓഡിനേറ്റർ വി.എം. മഞ്ജു എന്നിവർ സംസാരിച്ചു. തുടർന്ന് അങ്കണവാടി കുട്ടികൾക്കായുള്ള സ്ക്രീനിങ് നടന്നു.

● അങ്കണവാടി കുട്ടികൾക്കുള്ള ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിയായ ബാല്യസ്പന്ദനം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ കലക്ടർ എം.എസ്. മാധവിക്കുട്ടി നിർവഹിക്കുന്നു.

എല്ലാ അങ്കണവാടികളിലും മൂന്ന് മാസത്തിലൊരിക്കൽ മൂന്ന് മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികളുടെ ആരോഗ്യപരിശോധന നടത്തി കുഞ്ഞുങ്ങളുടെ വികാസവും വളർച്ചയും ഉറപ്പാക്കുക, തുടർപരിശോധനകളും ചികിത്സയും ഒരുക്കുക എന്നിവയാണ് ബാല്യസ്പന്ദനം പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യവകുപ്പും വനിത-ശിശു വികസന വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ലയിലെ 1,108 അങ്കണവാടികളിലെ 9,026 കുട്ടികളെ പരിശോധിച്ചു.

അങ്കണവാടി കുട്ടികളിലെ പോഷകാഹാരക്കുറവും ആരോഗ്യപ്രശ്നങ്ങളും കണ്ടെത്തി ആവശ്യമായ പരിഹാരനടപടികൾ ഉറപ്പാക്കുന്നതിനായി വനിതാ-ശിശുക്ഷേമ വകുപ്പ് മൂന്ന് മാസം ദൈർഘ്യമുള്ള ബാല്യസ്പന്ദനം പദ്ധതി നടപ്പാക്കുന്നത്. ആരോഗ്യമുള്ള ബാല്യം ശക്തമായ ഭാവി എന്ന ലക്ഷ്യത്തോടെ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തെ കൂടുതൽ ശാസ്ത്രീയവും സമഗ്രവുമായ രീതിയിൽ ശക്തിപ്പെടുത്തുകയാണ് ബാല്യസ്പന്ദനം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ അങ്കണവാടികളിലെ കുട്ടികളുടെ ആരോഗ്യ-പോഷണ നിലവാരം വിലയിരുത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയുമാണ് പദ്ധതിയുടെ പ്രവർത്തനരീതി. പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ ഉയരം, ഭാരം, ശരീര അളവുകൾ, പോഷകാഹാരനില തുടങ്ങിയവ പരിശോധിക്കും. ഇതിനായി സമീപത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ആരോഗ്യപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തും. ആദ്യഘട്ട ആരോഗ്യപരിശോധന സെപ്റ്റംബർ 20നകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ബിരുദദാന ചടങ്ങ് നാളെ

കോഴിക്കോട്: വടകര കോളജ് ഓഫ് എഞ്ചിനീയറിങ് ബിരുദദാന ചടങ്ങ് പ്രയാൺ 26 നാളെ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇരിങ്ങൽ സർഗാലയ കേരള ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ രാവിലെ 10.30ന് വിദ്യാർഥികളുടെ രജിസ്ട്രേഷനോടെ പരിപാടിക്ക് തുടക്കമാകും.

1.15ന് വിദ്യാർഥികളുടെ ഘോഷയാത്രയും നടക്കും. ഉച്ചയ്ക്ക് രണ്ട് മണിക്ക് നടക്കുന്ന ബിരുദദാന ചടങ്ങ് ഷാഫി പറമ്പിൽ എം.എൽ.എ ഉദ്ഘാടനം ചെയ്യും. കാലിക്കറ്റ് എൻ.ഐ.ടി. ഡയറക്ടർ പ്രൊഫ.പ്രസാദ് കൃഷ്ണ വിശിഷ്ടാതിഥിയാകും. എം.എൽ.എമാരായ പാറക്കൽ അബ്ദുല്ല, കെ.കെ രമ, കോഴിക്കോട് റൂറൽ പൊലീസ് മേധാവി മെറിൻ ജോസഫ്, കോളജ് ബി.ഒ.ജി. ചെയർമാൻ ഡോ.കെ.ജി ബാലകൃഷ്ണൻ എന്നിവർ പങ്കെടുക്കും. ചടങ്ങിൽ പ്രത്യേക പുരസ്കാരങ്ങളും പിജി,യുജി സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യും. 225 കുട്ടികളാണ് ബിരുദം സ്വീകരിക്കുന്നത്.

സ്നേഹവർണങ്ങൾ കലാപ്രദർശനം ഇന്ന് മുതൽ

കോഴിക്കോട്: കാൻസർ ബാധിതരായ കുട്ടികൾക്ക് സഹായവും പ്രതീക്ഷയും പകരുന്നതിനായി വനിതകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്നേഹവർണങ്ങൾ കലാപ്രദർശനം ഇന്ന് മുതൽ 15 വരെ ലളിതകലാ ആർട്ട് ഗാലറിയിൽ നടക്കും. ചിത്രങ്ങളുടെ വിൽപ്പനയിൽനിന്നുള്ള ഒരു വിഹിതം കാൻസർ ബാധിതരായ കുട്ടികളുടെ സ്കോളർഷിപ്പിനായി നൽകും. ഇന്ന് രാവിലെ 10 മണിക്ക് മുൻ എം.എൽ.എ തോട്ടത്തിൽ രവീന്ദ്രൻ പ്രദർശനം ഉദ്ഘാടനം ചെയ്യും.

ഉച്ചക്ക് രണ്ടിന് വനിതകൾക്കായി ഫാബ്രിക് പെയിന്റിങ് മത്സരവും നടക്കും. 13ന് രാവിലെ 11 മുതൽ വൈകിട്ട് അഞ്ചുവരെ കുട്ടികൾക്കായി പെയിന്റിങ് മത്സരം നടക്കും. ഈ സമയപരിധിക്കുള്ളിൽ കുട്ടികൾക്ക് സൗകര്യമുള്ള സമയത്ത് എത്തി ചിത്രം വരച്ച് പൂർത്തിയാക്കി മടങ്ങാവുന്നതാണ്. 15ന് വൈകിട്ട് നാലിന് സ്നേഹസ്പർശം എന്ന പേരിലാണ് സമാപനച്ചടങ്ങ് നടക്കുക. മെഡിക്കൽ കോളജ് പീഡിയാട്രിക് വിഭാഗം അർഹരായി കണ്ടെത്തുന്ന കാൻസർ ബാധിതരായ കുട്ടികൾക്ക് ചടങ്ങിൽ സ്കോളർഷിപ്പ് രൂപത്തിൽ ധനസഹായം വിതരണം ചെയ്യും. കെ. ജയന്ത് എം.എൽ.എ ചടങ്ങ് ഉദ്ഘാടനം ചെയ്യും. കൂട്ടായ്മയുടെ പ്രവർത്തനങ്ങൾക്ക് തുടക്കംമുതൽ പിന്തുണയും മാർഗനിർദേശവും നൽകിയ ഡോ. വി.ടി. അജിത് കുമാറും ചടങ്ങിൽ പങ്കെടുക്കും. 101 വീട്ടമ്മമാർ വരച്ച 101 ചിത്രങ്ങൾ പ്രദർശനത്തിലുണ്ടാവും. 2013ൽ ഏതാനും വീട്ടമ്മമാരുടെ നേതൃത്വത്തിൽ ആരംഭിച്ച സ്നേഹവർണങ്ങൾ ഇന്ന് കേരളത്തിനകത്തും പുറത്തുമുള്ള വനിതാ കലാകാരികൾക്ക് സൃഷ്ടികൾ അവതരിപ്പിക്കാനുള്ള വേദിയായി വളർന്നിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലുള്ള ചിത്രങ്ങളും കലാസൃഷ്ടികളും പ്രദർശനത്തിലുണ്ടാകും. കലാസൃഷ്ടികളിലൂടെ കാരുണ്യപ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയാണ് കൂട്ടായ്മയുടെ ലക്ഷ്യം. വാർത്താസമ്മേളനത്തിൽ ഗീത വാസുദേവൻ, പ്രണീത ദിവാകരൻ, പ്രേമ ബാബുരാജ്, രുക്മിണി എസ് നായർ, വീണ സാബു, രാധിക രഞ്ജിത്ത് എന്നിവർ പങ്കെടുത്തു.

ശ്രേഷ്ഠ വിദ്യാലയ പുരസ്കാരം നേടിയ മടവൂർ ചക്കാലക്കൽ എച്ച്.എസ്.എസിന് കോഴിക്കോട് ആസ്റ്റർ മിംസിന്റെ ആദരവ്

കോഴിക്കോട്: അധ്യാപക ദിനാഘോഷങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രേഷ്ഠ വിദ്യാലയ പുരസ്കാരം നേടിയ മടവൂർ ചക്കാലക്കൽ ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരെയും മാനേജ്മെന്റിനെയും കോഴിക്കോട് ആസ്റ്റർ മിംസ് ആദരിച്ചു.

● ശ്രേഷ്ഠ വിദ്യാലയ പുരസ്കാരം നേടിയ മടവൂർ ചക്കാലക്കൽ ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരെയും മാനേജ്മെന്റിനെയും കോഴിക്കോട് ആസ്റ്റർ മിംസ് ആദരിക്കുന്ന ചടങ്ങിൽ സി.ഇ.ഒ ഡോ.ഗോപിനാഥ് മാമ്പള്ളിക്കളം, ഡെപ്യൂട്ടി സി.എം.എസ്. ഡോ.നൗഫൽ ബഷീർ എന്നിവർ ഉപഹാരങ്ങൾ നൽകുന്നു.

അക്കാദമിക പാഠ്യേതര രംഗങ്ങളിൽ പ്രകടിപ്പിച്ച മികവിനാണ് സ്കൂളിന് സംസ്ഥാന സർക്കാരിന്റെ ഈ അവാർഡ് ലഭിച്ചത്. സ്കൂൾ അങ്കണത്തിൽ സംഘടിപ്പിച്ച പ്രത്യേക ചടങ്ങിൽ ആസ്റ്റർ മിംസ് സി.ഇ.ഒ ഡോ. ഗോപിനാഥ് മാമ്പള്ളിക്കളം, ഡെപ്യൂട്ടി സി.എം.എസ്. ഡോ. നൗഫൽ ബഷീർ എന്നിവർ മുഖ്യാതിഥികളായെത്തി ഉപഹാരങ്ങൾ നൽകി.

ചടങ്ങിനോടനുബന്ധിച്ച് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആരോഗ്യവും ക്ഷേമവും മുൻനിർത്തിയുള്ള വിവിധ പദ്ധതികൾക്കും തുടക്കം കുറിച്ചു. സ്കൂളിലെ വിദ്യാർത്ഥി സേവന പ്രസ്ഥാനങ്ങളായ എസ്.പി.സി, എൻ.എസ്.എസ്, ഫോറസ്ട്രി ക്ലബ്, എൻ.സി.സി, സ്കൗട്ട്സ് എന്നീ വിഭാഗങ്ങൾക്കുള്ള ഫസ്റ്റ് എയ്ഡ് കിറ്റുകളുടെ വിതരണവും അധ്യാപകരുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേകം തയ്യാറാക്കിയ ആസ്റ്റർ പ്രിവിലേജ് കാർഡിന്റെ ലോഞ്ചിങും ചടങ്ങിൽ വെച്ച് നിർവ്വഹിച്ചു. തുടർന്ന് ആസ്റ്റർ മിംസിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വിദ്യാർഥികളിലെ ആരോഗ്യ ബോധവൽക്കരണത്തിനും സംശയനിവാരണത്തിനുമായി ഡോക്ടേഴ്സ് ഇന്ററാക്ഷൻ സെഷനും സംഘടിപ്പിച്ചു.

സംസ്ഥാന തലത്തിൽ ലഭിച്ച ഈ വലിയ നേട്ടം സ്കൂൾ മാനേജ്മെന്റിന്റെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഒത്തൊരുമിച്ചുള്ള കഠിനാധ്വാനത്തിന്റെ ഫലമാണെന്ന് സ്കൂൾ പ്രിൻസിപ്പാൾ സിറാജുദ്ദീൻ പറഞ്ഞു. വിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരം പുലർത്തി ശ്രേഷ്ഠ വിദ്യാലയ പദവിയുടെ നാടിന് മാതൃകയായ സ്കൂളിന്റെ വിജയം ഏറെ പ്രശംസനീയമാണെന്ന് ആസ്റ്റർ മിംസ് സി.ഇ.ഒ. ഡോ. ഗോപിനാഥ് മാമ്പള്ളിക്കളം പറഞ്ഞു.

അധ്യാപക ദിനാഘോഷങ്ങൾക്ക് ആതുരസേവന മേഖലയുടെ കരുതൽകൂടി ചേർത്തുവെച്ച ഈ ചടങ്ങിൽ ആസ്റ്റർ മിംസ് ഡെപ്യൂട്ടി സി.എം.എസ്. ഡോ.നൗഫൽ ബഷീർ, എ.ജി.എം അനു.എസ്.കടയത്ത്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് പി.അനന്യ, ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റ് അനിത മാത്യു, സ്കൂൾ മാനേജർ പി.കെ.സുലൈമാൻ മാസ്റ്റർ,പിടിഎ പ്രസിഡന്റ് ഒ.കെ. ഇസ്മായിൽ, ഹെഡ് മാസ്റ്റർ എം.കെ.സിജു, വി.പി.സുബൈർ,വി.അനൂപ് കുമാർ ,പി. ജിഷ ,റഹ്മത്ത് ,ഡോ.കെ.ജാബിർ,പി.കെ.അൻവർ,ഡോ. പി.കെ.ആരിഫ്, എൻ.വി.മുഹമ്മദ് അഷ്റഫ് തുടങ്ങിയവർ സംബന്ധിച്ചു.

ഗണേശോത്സവത്തിന് നാളെ തുടക്കം

കോഴിക്കോട്: ജില്ലാതല ഗണേശോത്സവത്തിന് നാളെ തുടക്കമാകുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

തളി മഹാദേവ ക്ഷേത്രത്തിന് സമീപമുള്ള കൈലാസം സ്റ്റേജിലാണ് ഉത്സവ ചടങ്ങുകൾ നടക്കുക. ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് വൈകിട്ട് 5ന് ഗണേശ വിഗ്രഹങ്ങളുടെ മിഴി തുറക്കൽ ചടങ്ങ് നടക്കും. ശബരിമല മാളികപ്പുറം മുൻ മേൽശാന്തി തിരുമംഗലം വാസുദേവൻ നമ്പൂതിരി ചടങ്ങ് നടത്തും. 15ന് വൈകിട്ട് 3ന് നടക്കുന്ന സാംസ്കാരിക സമ്മേളനം മന്ത്രി ടി.സിദ്ദിഖ് സമ്മേളനം ഉദ്ഘാടനം ചെയ്യും. എം.കെ.രാഘവൻ എം.പി, സന്ദീപ് വാര്യർ എം.എൽ.എ എന്നിവർ മുഖ്യാതിഥികളാകും. ഗണേശോത്സവത്തിന്റെ സമാപനം കുറിച്ചുള്ള മഹാ വിഗ്രഹ നിമജ്ജന ഘോഷയാത്ര 16ന് വൈകിട്ട് 4ന് നടക്കും. തളി ക്ഷേത്ര പരിസരത്തു നിന്നും ഘോഷയാത്രയായി വെള്ളയിൽ തൊടയിൽ ശ്രീ ഭഗവതി ക്ഷേത്രത്തിന് മുൻവശം ആറാട്ടുകടവിലാണ് സമാപിക്കുക. വാർത്താസമ്മേളനത്തിൽ ഹരിനാരായണൻ പേരൂർ, അരുൺകുമാർ പെരുമണ്ണ, തുളസീദാസ് വടകര, സ്വരാജ് ചെറുകുളം എന്നിവർ പങ്കെടുത്തു.

റെയിൽവേ നിലപാട്: യു.ഡി.എഫ് സത്യഗ്രഹം 21ന്

വടകര: പാലക്കാട് ഡിവിഷനിൽ നിന്നു മംഗളൂരുവിനെ വേർപെടുത്തിയതിൽ പ്രതിഷേധിച്ച് 21ന് രാവിലെ 10ന് വടകര റെയിൽവെ സ്റ്റേഷനിൽ ഷാഫി പറമ്പിൽ എം.പിയുടെ നേതൃത്വത്തിൽ സത്യഗ്രഹം നടത്തും. ഇതിനു മുന്നോടിയായി നാളെ വൈകിട്ട് 3ന് ക്രിസ്റ്റൽ സ്യൂട്ടിൽ യു.ഡി.എഫ് നിയോജക മണ്ഡലം, മുനിസിപ്പൽ, പഞ്ചായത്ത് തല ഡി.എഫ് ഭാരവാഹികളുടെയും ജനപ്രതിനിധികളുടെയും യോഗം ചേരുമെന്ന് ചെയർമാൻ വി.ഡി ജോസഫും കൺവീനർ അഹമ്മദ് പുന്നക്കലും അറിയിച്ചു.

ഹരിതകർമ്മസേന അംഗത്തിന് പാമ്പു കടിയേറ്റു

വടകര: പ്ലാസ്റ്റിക് സാധനങ്ങൾ ശേഖരിക്കുന്നതിനിടയിൽ ഹരിത കർമ്മസേന അംഗത്തെ പാമ്പുകടിച്ചു. അഴൂർ കല്ലുമ്പുറത്തെ വലിയ പറമ്പത്ത് ഭാസ്കരന്റെ ഭാര്യ ഷൈല (50)യെയാണ് പാമ്പ് കടിച്ചത്. കല്ലുമ്പുറത്ത് ഒരു വീട്ടിൽ നിന്ന് പ്ലാസ്റ്റിക് സാധനങ്ങൾ ശേഖരിക്കുന്നതിനായിൽ സഞ്ചിയിൽ നേരത്തെ കയറി കൂടിയ പാമ്പ് കടിക്കുകയായിരുന്നു. ഏത് തരം പാമ്പാണെന്ന് വ്യക്തമായിട്ടില്ല. വടകരയിലെ സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

പെരുവണ്ണാമൂഴിയിൽ കാട്ടുപോത്ത് ആക്രമണം; യുവാവിന് പരിക്ക്

പെരുവണ്ണാമൂഴി: പെരുവണ്ണാമൂഴിയിൽ വീണ്ടും വന്യമൃഗ ആക്രമണം. ഇന്ന് പുലർച്ചെ പെരുവണ്ണാമൂഴി വട്ടക്കയം റൂട്ടിൽ വച്ച് കാട്ടുപോത്തിന്റെ ആക്രമണത്തിൽ യുവാവിന് ഗുരുതരമായി പരിക്കേറ്റു. കണ്ടാ പള്ളികരോട്ട് അജുവിനാണ് കാട്ടുപോത്തിന്റെ ആക്രമണത്തിൽ പരിക്കേറ്റത്. യാത്രയ്ക്കിടെ അപ്രതീക്ഷിത ആക്രമണം. കാട്ടുപോത്തിന്റെ ആക്രമണത്തിൽ സ്കൂട്ടറിന് ഗുരുതരമായി കേടുപാടുകൾ സംഭവിച്ചു. റോഡിലേക്ക് തെറിച്ചുവീണ് പരിക്കേറ്റ അജുവിനെ ഉടൻ തന്നെ നാട്ടുകാരും വഴിയാത്രക്കാരും ചേർന്ന് ആശുപത്രിയിൽ എത്തിച്ചു. ഇയാൾ നിലവിൽ ചികിത്സയിലാണ്. ജനവാസ മേഖലയോട് ചേർന്നുള്ള റോഡുകളിൽ കാട്ടുപോത്ത് ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഇറങ്ങുന്നത് പതിവാകുകയാണെന്നും വനംവകുപ്പിന്റെ ഭാഗത്തുനിന്ന് അടിയന്തര ഇടപെടൽ ഉണ്ടാകണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

● കാട്ടുപോത്തിന്റെ ആക്രമണത്തിൽ തകർന്ന ബൈക്ക്.

സാക്ഷരതാ മിഷൻ സംസ്ഥാന പുരസ്കാര ജേതാവ് ടി.കെ ചൂലൻകുട്ടിയെ ആദരിച്ചു

തിരുവമ്പാടി: സംസ്ഥാന സാക്ഷരതാ മിഷന്റെ ജില്ലയിലെ മുതിർന്നപഠിതാവിനുള്ള മികച്ച സാക്ഷരതാ പുരസ്കാരം നേടിയ മുൻ ഗ്രാമപഞ്ചായത്ത് അംഗം ചൂലൻകുട്ടിയെ ഗ്രാമപഞ്ചായത്ത് ആദരിച്ചു.

● സാക്ഷരതാ പുരസ്കാരം നേടിയ മുൻ ഗ്രാമപഞ്ചായത്ത് അംഗം ചൂലൻകുട്ടിയെ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജിതിൻ പല്ലാട്ട് പൊന്നാട അണിയിച്ച് ആദരിക്കുന്നു.

ലോക സാക്ഷരതാ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാനതല ചടങ്ങിലായിരുന്നു ഇദ്ദേഹത്തിന് പുരസ്കാരം സമ്മാനിച്ചത്. ചടങ്ങിൽ പങ്കെടുത്ത ശേഷം നാട്ടിലെത്തിയ ചൂലൻകുട്ടിയുടെ വീട്ടിൽ നേരിട്ടെത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിതിൻ പല്ലാട്ട് പൊന്നാട അണിയിച്ച് ആദരിച്ചു. പ്രായത്തെ തോൽപ്പിക്കുന്ന ഇദ്ദേഹത്തിന്റെ അറിവിനോടുള്ള ആഗ്രഹവും പൊതുപ്രവർത്തന രംഗത്തെ സജീവ സാന്നിധ്യവും പ്രദേശത്തെ മുഴുവൻ ആളുകൾക്കും, പ്രത്യേകിച്ച് മുതിർന്ന പൗരന്മാർക്ക് വലിയ മാതൃകയാണെന്ന് പ്രസിഡന്റ് ജിതിൻ പല്ലാട്ട് പറഞ്ഞു.

ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ആർ.അജിത, സ്ഥിര സമിതി അദ്ധ്യക്ഷൻമാരായ മനോജ് വാഴെപ്പറമ്പിൽ, ഫിറോസ് ഖാൻ, ജോഷി പുല്ലുകാട്ടിൽ, ജയപ്രസാദ്, സജ്ന മുഹമ്മദാലി, മറിയാമ്മ ബാബു, പ്രദേശവാസികളും ചടങ്ങിൽ പങ്കെടുത്തു.

എം.കെ പ്രേംനാഥ് അനുസ്മരണം 29ന്

നരിപ്പറ്റ: പ്രമുഖ സോഷ്യലിസ്റ്റും ജനതാദൾ നേതാവും മുൻവടകര എം.എൽ.എയുമായിരുന്ന എ.കെ പ്രേംനാഥ് അനുസ്മരണദിനാചരണം ആർ.ജെ.ഡി ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 29 ന് കോഴിക്കോട് നടക്കും. അനുസ്മരണ സമ്മേളനം വിജയിപ്പിക്കാൻ ആർ.ജെ.ഡി. നരിപ്പറ്റ പഞ്ചായത്ത് കമ്മറ്റി യോഗം തീരുമാനിച്ചു.

ഒക്ടോബർ 7 ന് കെ.സി നാണു അനുസ്മരണ ദിനത്തിൽ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും 11 ന് 3 മണിക്ക് അനുസ്മരണ സമ്മേളനം കൈതച്ചാൽ വച്ച് നടത്താനും തീരുമാനിച്ചു. പി.കെ പ്രവീൺ എം.എൽ.എ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യും. ആർ.ജെ.ഡി നാദാപുരം നിയോജക മണ്ഡലം പ്രസിഡണ്ട് വത്സരാജ് മണലാട്ട് ആലോചനായോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മറ്റിയംഗം വി.കെ പവിത്രൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് കമ്മറ്റി പ്രസിഡന്റ് കെ.സി കൃഷ്ണൻ , കെ.സി കണ്ണൻ, വി.മഹേഷ്, കെ.സി. സുരേന്ദ്രൻ, വി.കെ.അശോകൻ, വി.ബാബു, എ.കെ ചന്ദ്രൻ, സുമേഷ് എന്നിവർ പ്രസംഗിച്ചു.

ബാർജ് മോഷണം; ഒരാൾ അറസ്റ്റിൽ

വടകര: വടകര മാഹി കനാലിന്റെ പ്രവൃത്തിക്കായി കല്ലേരിയിലെ വർക്ക് സൈറ്റിൽ സൂക്ഷിച്ച ബാർജ് മോഷ്ടിച്ച് വില്പന നടത്തിയെന്ന പരാതിയിൽ ഒരാൾ അറസ്റ്റിൽ. ആന്ധ്ര തൂക്കലര കൃഷ്ണ മൊഴി വിട്ടുവിൽ ഒണ്ഡാരി രാജുവിനെയാണ് വടകര പോലീസ് അറസ്റ്റ് ചെയ്തത്. കനാൽ പ്രവൃത്തിയുടെ കരാറുകാരൻ കൊച്ചി പാലാരിവട്ടം സ്വദേശി ജി ബാലകൃഷ്ണൻ നായർ നൽകിയ പരാതിയിലാണ് അറസ്റ്റ്. പരാതിയിൽ കൂട്ടു പ്രതികളായ മൂന്ന് പേരെ കൂടി ഇനിയും പിടി കൂടാനുണ്ട് .അറസ്റ്റിലായ പ്രതി കരാറുകാരന്റെ ഉടമസ്ഥതയിലുള്ള എസ്കവേറ്ററിന്റെ മുൻ ഓപ്പറേറ്ററാണ്. വടകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

ബിരുദദാന ചടങ്ങ്

മുക്കം: എം.എ.എം.ഒ കോളജ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിൽ നിന്നായി ഇരുനൂറോളം വിദ്യാർഥികൾ ബിരുദം സ്വീകരിച്ചു. ഫാത്തിമ തഹലിയ എം.എൽ.എ ചടങ്ങ് ഉദ്ഘാടനം നിർവഹിച്ച് ബിരുദദാനം നടത്തി.

സി.പി.എം. പ്രതിഷേധം

നാദാപുരം: സി.പി.എം പിബി അംഗം പിണറായി വിജയനെതിരെ കേസെടുക്കാനുള്ള നീക്കത്തിനെതിരെ സി.പി.എം പ്രതിഷേധം. സി.പി.എം നാദാപുരം ഏരിയ കമ്മിറ്റി നേതൃത്വത്തിൽ കല്ലാച്ചിയിൽ പ്രതിഷേധ പ്രകടനവും പൊതുയോഗവും ചേർന്നു.

കല്ലാച്ചി പാർട്ടി ഓഫീസ് പരിസരത്ത് നിന്നും ആരംഭിച്ച പ്രകടനത്തിൽ നൂറുകണക്കിന് പേർ അണിനിരന്നു. സി.പി.എം ഏരിയ സെക്രട്ടറി എ. മോഹൻദാസ്, ജില്ലാ കമ്മിറ്റിയംഗം കൂടത്താങ്കണ്ടി സുരേഷ്, വി.പി കുഞ്ഞികൃഷ്ണൻ എന്നിവർ സംസാരിച്ചു.

HDFC BANK രജി. ഓഫീസ് എച്ച്.ഡി.എഫ്.സി. ബാങ്ക് ഹൗസ്, സേനാപതി, ബപത് മാർഗ്, ലോവർ പരേൽ, മുംബൈ

കൈവശാവകാശ അറിയിപ്പ്

സർഫാസി ആക്ട് 2002 ലെ വകുപ്പ് 13(4) റീഡ് വിത്ത് റൂൾ 8 ഓഫ് ദി സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002 പ്രകാരം പുറപ്പെടുവിക്കുന്ന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (54 of 2002) പ്രകാരം എച്ച്.ഡി.എഫ്.സി ബാങ്ക് ലിമിറ്റഡിന്റെ താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ, സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002 സെക്ഷൻ 13(12) റീഡ് വിത്ത് റൂൾ 3 പ്രകാരം വായ്പക്കാരായ **സമീന നസ്രിൻ കെ.**, പനക്കൽ ഹൗസ്, മുതുവത്തുംപറമ്പ് ഹാജിയാർ പള്ളി പോസ്റ്റ് ഡൗൺ ഹിൽ മലപ്പുറം, മുതുവത്തുംപറമ്പ്, മലപ്പുറം, കേരളം എന്നിവർക്ക് 07-04-2026 -ലെ നോട്ടീസ് പ്രകാരമുള്ള **രൂ 24,23,536-** (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) യും തുടർന്നുള്ള പലിശയും ചെലവുകളും സഹിതം 60 ദിവസത്തിനുള്ളിൽ തിരിച്ചടക്കാൻ നോട്ടീസ് നൽകിയിരുന്നു.

എന്നാൽ കുടിശിക തുക അടച്ചു തീർക്കാത്തതിനാൽ 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് ചട്ടം 8-നോടൊപ്പം വായിച്ച നിയമത്തിന്റെ 13-ാം വകുപ്പിന്റെ ഉപവകുപ്പ് 4- ന്റെ കീഴിലുള്ള അധികാരം വിനിയോഗിച്ച് ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ താഴെ വിവരിക്കുന്ന വാഹനം **07-09-2026** ാം തീയതി കൈവശപ്പെടുത്തിയ വിവരം വായ്പക്കാരെയും പൊതു ജനങ്ങളെയും ഈ നോട്ടീസ് പ്രകാരം അറിയിച്ചുകൊള്ളുന്നു.

വായ്പക്കാരെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായി അറിയിക്കുന്നതെന്തെന്നാൽ താഴെപ്പറയുന്ന വാഹനം വാങ്ങുകയോ, മറ്റ് ഇടപാടുകൾ നടത്തുകയോ ചെയ്യരുതെന്നും അങ്ങനെ ചെയ്യുന്ന ആൾ എച്ച്.ഡി.എഫ്.സി ബാങ്കിന് ലഭിക്കേണ്ടതായ **രൂ 23,97,145** ഇരുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഒരുനൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) യും AUTO LOAN -161374414 , 09.09.2026 മുതൽ കുടിശിക ആയിട്ടുള്ള തുകയും പലിശയും മറ്റു ചിലവു കളും നൽകുവാൻ ബാധ്യസ്ഥനായിരിക്കും.

സുരക്ഷിത ആസ്തികൾ വീണ്ടെടുക്കുന്നതിന് ലഭ്യമായ സമയപരിധി സംബന്ധിച്ച് നിയമത്തിലെ സെക്ഷൻ 13-ലെ ഉപവകുപ്പ് (8) ലെ വ്യവസ്ഥകൾ കടംവാങ്ങുന്നവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വാഹനത്തെക്കുറിച്ചുള്ള വിവരണം:

വാഹനം: THAR ROXX 2.2 AX7L D MT 4WD MOTOR CAR. രജി.നമ്പർ: KL 10BL 5859

എഞ്ചിൻ നമ്പർ: YYS4C43024. , ചേസിസ് നമ്പർ: MA1UN4YY2S2C46663

തീയതി: 09.09.2026 ഒപ്പ്

സ്ഥലം : കോഴിക്കോട് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, എച്ച്.ഡി.എഫ്.സി. ബാങ്ക് ലിമിറ്റഡ്

Union Bank of India യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റീജണൽ ഓഫീസ് കോഴിക്കോട്

[illegible]

വസ്തു ഇ ലേല വിൽപ്പന നോട്ടീസ് – റൂൾ 8 & 9

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 & 9 പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു വിൽപ്പന നോട്ടീസ്. താഴെ പറയുന്ന വസ്തുവകകൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ (സെക്യേർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റീജണൽ ഓഫീസ് കോഴിക്കോട് (സെക്യേർഡ് ക്രെഡിറ്റർ)ന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ താഴെ പറയുന്ന ബ്രാഞ്ചിന് (സെക്യേർഡ് ക്രെഡിറ്റർ) താഴെ പറയുന്ന വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും താഴെ പറയുന്ന തിയ്യതികളിൽ ഈടാക്കുവാനുള്ള തുക തിരിച്ചുപിടിക്കുന്നതിനായി വസ്തുവകകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തിയ്യതിയിൽ താഴെ പറയുന്ന സ്ഥലത്ത് വെച്ച് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കരുതൽവിലയും നിരതദ്രവ്യവും താഴെ കൊടുത്തിരിക്കുന്നു.

1) ബ്രാഞ്ച്: കുന്നമംഗലം റീജൻസി ബിൽഡിംഗ്, വയനാട് റോഡ്, കുന്നമംഗലം, കോഴിക്കോട് 673571. **വായ്പ്പക്കാരുടെ/കൂട്ടുവായ്പ്പക്കാരുടെ/ജാമ്യക്കാരുടെ പേര്: 1) M/s വി.പി. ആഷിയന്റ്** , (പ്രൊപ്രൈറ്റർ, ഷാജി ആശാരിക്കണ്ടി) 16/457/ബി, വിപി സിറ്റി, ഐക്കരപ്പടി, ചേലേമ്പ്ര, മലപ്പുറം-673637. **2) ശ്രീ ഷാജി ആശാരിക്കണ്ടി,** S/o അപ്പോസ് മീമ്പാട്ടു പുറയിൽ ഹൗസ്, ചേലേമ്പ്ര, മലപ്പുറം-673634. **ഡിമാന്റ് നോട്ടീസ് തിയ്യതി:** 02.03.2026, **നിയമപരമായി കൈവശമെടുത്ത തിയ്യതി:** 26.05.2026. **അടയ്ക്കേണ്ട തുക:** 31.08.2026ന് 3,35,20,216.82 രൂപ (മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി ഇരുനൂറ്റി പതിനാറ് രൂപ എൺപത്തിരണ്ട് പൈസ മാത്രം) കൂടാതെ പലിശയും മറ്റ് ചിലവുകളും സഹിതം. **സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ: ഷെഡ്യൂൾ 1:** മലപ്പുറം ജില്ല കൊണ്ടോട്ടി സബ് ജില്ല കൊണ്ടോട്ടി താലൂക്കിലെ പെണ്ണാട് ദേശം, ചെറുകാവ് അംശം പഴയ സർവ്വെ നമ്പർ 62/5ബി, റീസർവ്വെ നമ്പർ 80/1/2 കൊണ്ടോട്ടി എസ്.ആർ.ഒ യുടെ 28.10.2024 ലെ ഡോക്യുമെന്റ് നമ്പർ 4430/2024 പ്രകാരം ശ്രീ ഷാജി ആശാരിക്കണ്ടിയുടെ ഉടമസ്ഥതയിലുള്ള പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ 4.45 ആർസ് സ്ഥലം. **അതിർത്തികൾ ടൈറ്റിൽ ഡീഡ് പ്രകാരം:** കിഴക്ക്: ഇതിലെ രണ്ടാം നമ്പർ വസ്തു, വടക്ക്: എൻ.എച്ച്. റോഡ്, പടിഞ്ഞാറ്: ദേവസം നിലത്തെ കൈതോട്, തെക്ക്: വേറെ കൈവശം. **ഷെഡ്യൂൾ 2:** മലപ്പുറം ജില്ല കൊണ്ടോട്ടി സബ് ജില്ല കൊണ്ടോട്ടി താലൂക്കിലെ പെണ്ണാട് ദേശം, ചെറുകാവ് അംശം പഴയ സർവ്വെ നമ്പർ 62/5ബി, റീസർവ്വെ നമ്പർ 80/1/1 കൊണ്ടോട്ടി എസ്.ആർ.ഒ യുടെ 28.10.2024 ലെ ഡോക്യുമെന്റ് നമ്പർ 4430/2024 പ്രകാരം ശ്രീ ഷാജി ആശാരിക്കണ്ടിയുടെ ഉടമസ്ഥതയിലുള്ള പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ 0.81 ആർസ് സ്ഥലം. **അതിർത്തികൾ ടൈറ്റിൽ ഡീഡ് പ്രകാരം:** കിഴക്ക്: ഇതിലേക്കും മറ്റും ഉള്ള 9 അടി വീതിയുള്ള റോഡ്, വടക്ക്: എൻ.എച്ച്. റോഡ്, പടിഞ്ഞാറ്: ഇതിലെ ഒന്നാം നമ്പർ വസ്തു, തെക്ക്: വേറെ കൈവശം. ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ ഡോർ നമ്പർ.16/457ബിയിലുള്ള ഒരു വാണിജ്യ കെട്ടിടമാണ് മുകളിൽ സൂചിപ്പിച്ച വസ്തുവിൽ ഉള്ളത്.

കരുതൽ വില: 2,58,00,000 രൂപ (രണ്ട് കോടി അമ്പത് ലക്ഷം രൂപ മാത്രം) + കരുതൽ വിലയുടെ 1% ഇൻക്രിമെന്റ് നിരതദ്രവ്യം: കരുതൽ വിലയുടെ 10%

ഇ ലേലവിൽപ്പന തിയതിയും സമയവും: 29.09.2026 (ചൊവ്വാഴ്ച) ഉച്ചക്ക് 12നും വൈകുന്നേരം 5നും ഇടയിൽ
(10 മിനിറ്റ് വീതം ക്ലിപ്തപ്പെടുത്താത്ത ദൈർഘ്യത്തോട് കൂടി) ഇ-ലേഷൻ വെബ് സൈറ്റ് - **https://baanknet.com**

(വസ്തുവിലുള്ള ബാധ്യത: ബാങ്കിന്റെ അറിവിൽ ബാധ്യതകൾ ഇല്ല)

ലേലാർത്ഥികൾ ബിഡ്ഡ് സമർപ്പിക്കുന്നതിന് മുമ്പ് ബാധ്യതയെ സംബന്ധിച്ച് സ്വയം പരിശോധിക്കേണ്ടതാണ്.

[illegible] http://www.unionbankofindia.bank.in, https://baanknet.com [illegible]

സ്ഥലം: കോഴിക്കോട് തീയ്യതി: 05.09.2026 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

Canara Bank കനറാ ബാങ്ക്, റിക്കവറി സെക്ഷൻ, റീജിയണൽ ഓഫീസ് – കോഴിക്കോട് Ph: 0495 2702210, 8281004855

കൈവശ നോട്ടീസ് [സെക്ഷൻ 13(4)] (സ്ഥാവര വസ്തുക്കൾക്ക്)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (Act 54 of 2002) പ്രകാരവും ടി ആക്ടിന്റെ 13 (12) ചട്ടം 3 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 പ്രകാരവും കനറാ ബാങ്ക് [illegible]

ക്രമ നം.	വായ്പക്കാർ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ഇപ്പോഴത്തെ കുടിശിക തുക	സ്ഥാവര വസ്തുക്കളുടെ പൂർണ്ണ വിവരണം
1	1. **സിറാജ്,** S/o ഇസ്മിപ്പി മയ്യ് എടച്ചേരി, ചെങ്ങോട്ടുകാവ് കോഴിക്കോട്- 673306; 2. **ശ്രീമതി ജസീല,** C/o സിറാജ് ഇടച്ചേരി, ചേലിയ, കൊയിലാണ്ടി, കോഴിക്കോട്- 673306; ഡിമാന്റ് നോട്ടീസ് തീയതി: 16-04-2026 & തുക: രൂപ 5,11,872/-; കൈവശമെടുത്ത തീയതി: 08-09-2026; ശാഖ: കാട്ടിൽപീടിക	07-09-2026 ലെ രൂപ 5,04,535/- (അഞ്ച് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം) യും പലിശയും	1760/2021-ാം നമ്പർ ആധാര പ്രകാരം കോഴിക്കോട് ജില്ലയിൽ, ചോമ്പാല ഉപ ജില്ലയിൽ, കൊയിലാണ്ടി താലൂക്കിൽ, ചെങ്ങോട്ടുകാവ് വില്ലേജ്, ചേലിയ ദേശത്ത്, ശ്രീ. സിറാജ് പേരിലുള്ള സർവേ നം.101/68, തണ്ടപ്പേർ റീ സർവേ നം.101/68 ൽ പെട്ട 1.87 ആർസ്, സർവേ നം.101/57, തണ്ടപ്പേർ റീ സർവേ നം.101/68 ൽ പെട്ട 0.154 ആർസ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും അതിലുള്ള സകല വിധ അവകാശങ്ങളും കൂടിയാകുന്നു. 1760/2021 – ാം നമ്പർ ആധാര പ്രകാരം

അതിരുകൾ: 0.154 ആർസ് (1760/2021 - ാം നമ്പർ ആധാര പ്രകാരം ഇനം നം.1): കിഴക്ക് പഞ്ചായത്ത് റോഡ്, **വടക്ക്** ഇതിലെ 2- ാം നമ്പർ വസ്തു, **പടിഞ്ഞാറ്** തന്നിലെ ശേഷം ബാക്കി സ്ഥലം ഷെരീഫ് റഹീമാൻ കൈവശം; **തെക്ക്** തന്നിൽ ശേഷം ബാക്കി സ്ഥലം ഷെരീഫ് റഹീമാൻ കൈവശം. **1.87 ആർസ് (1760/2021 - ാം നമ്പർ ആധാര പ്രകാരം ഇനം നം.1): കിഴക്ക്** പഞ്ചായത്ത് റോഡ്, **വടക്ക്** ബഷീർ കൈവശം സ്ഥലം, **പടിഞ്ഞാറ്** ബഷീർ കൈവശം സ്ഥലം; **തെക്ക്** ഇതിലെ -ാം നമ്പർ വസ്തു.

ക്രമ നം.	വായ്പക്കാർ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ഇപ്പോഴത്തെ കുടിശിക തുക	സ്ഥാവര വസ്തുക്കളുടെ പൂർണ്ണ വിവരണം
2	1. **M/s നന്മ ട്രേഡേഴ്സ്,** പ്രതിനിധീകരിച്ച് പ്രൊപ്രൈറ്റർ സുധീഷ് കിഴക്കേ താഴ, KP/VII/84 85, തണ്ണീർപ്പന്തൽ പോസ്റ്റ് ഓഫീസിന് എതിർവശം, വളയംകണ്ടം, ചോറോട്, 2. **ശ്രീ സുധീഷ് കിഴക്കേ താഴ,** S/o കുഞ്ഞിരാമൻ നായർ, കിഴക്കേ താഴ വീട്, പിഒ മുതുവണ്ണാച്ച, കോഴിക്കോട്, കേരളം - 673525; ഡിമാന്റ് നോട്ടീസ് തീയതി: 30-05-2026 & തുക: രൂപ 25,24,157.68; കൈവശമെടുത്ത തീയതി: 08-09-2026; ശാഖ: കുത്താളി	07.09.2026 ലെ രൂപ 21,06,392.15 (ഇരുപത്തി ഒന്ന് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ പതിനഞ്ച് പൈസ മാത്രം) യും പലിശയും	കോഴിക്കോട് ജില്ലയിൽ, കുറ്റ്യാടി ഉപ ജില്ലയിൽ, കൊയിലാണ്ടി താലൂക്കിൽ, പാലേരി വില്ലേജ്, മുതുവണ്ണാച്ച ദേശത്ത്, ശ്രീ. സുധീഷ് കിഴക്കേ താഴ പേരിലുള്ള പഴയ സർവേ നം.14/6, റീ സർവേ നം.18 (ലൊക്കേഷൻ സ്കെച്ച് പ്രകാരം 23/36) ൽ പെട്ട 10.115 ആർസ് സ്ഥലവും കെട്ടിടവും അതിലുള്ള സകല വിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്** നടപ്പാത, **വടക്ക്** 1 മീറ്റർ വീതിയിൽ വഴി സ്ഥലം, **പടിഞ്ഞാറ്** മനോജ് കൈവശം വസ്തു; **തെക്ക്** കിഴക്കേതാഴെ നാരായണൻ നായർ കൈവശം വസ്തു.

വായ്പക്കാരെ /ജാമ്യക്കാരെ/പണയക്കാരെ മറ്റ് ആരെങ്കിലുമോ ബാങ്കിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ നടത്തുന്ന ഏത് നടപടികളും കണ്ടെണ്ടില്ലാ അസാധുവായിരിക്കുമെന്നും, ടി വസ്തുക്കളെ സംബന്ധിച്ച് ഏത് ഇടപാടുകൾക്കും വായ്പക്കാരിൽ നിന്നും ഈടാക്കാനുള്ള കുടിശിക തുകയും പലിശയും മറ്റ് ചിലവുകളും **കനറാ ബാങ്കിന്റെ** പ്രഥമ ചാർജായി നിലനിൽക്കുന്നതും ബാധകവുമാണെന്നും വായ്പക്കാരെ/ജാമ്യക്കാരെ/പണയക്കാരെ വിശേഷിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ ഒപ്പിട്ടിരിക്കുന്ന ടി ബാങ്കിന്റെ അധികാരി എന്ന നിലയിൽ അറിയിക്കുന്നു. [illegible]

സ്ഥലം: കോഴിക്കോട്, തീയതി : 08-09-2026 (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്

punjab national bank അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ഒന്നാം നില, മിനി ബൈപാസ് റോഡ്, ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ - ലേല വിൽപന നോട്ടീസ്. [illegible] "എവിടെയാണോ" "എങ്ങനെയാണോ" "എന്തൊക്കെയാണോ" [illegible]

ലോട്ട് നം.	ശാഖയുടെ പേര് /അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫാസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശിക തുക (സി) സർഫാസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശപ്പെടുത്ത തീയതി, (ഡി) കൈവശപ്പെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട് (1) M/s ബയോ മാസ്റ്റ് ബ്രിക്കറ്റിംഗ് എൻവയേൺ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, [illegible] കോഴിക്കോട്- 673003, (2) M/s ബയോ മാസ്റ്റ് ബ്രിക്കറ്റിംഗ് എൻവയേൺ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, [illegible]	കോഴിക്കോട് ജില്ലയിൽ, കൊയിലാണ്ടി താലൂക്കിൽ, നടുവണ്ണൂർ വില്ലേജിൽ, [illegible] സർവ്വേ നം. 33/1 ൽ പെട്ട M/s ബയോ മാസ്റ്റ് ബ്രിക്കറ്റിംഗ് എൻവയേൺ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 56.75 സെന്റ് (22.975 ആർസ്) സ്ഥലവും [illegible]	(എ) 13(2) - 04-08-2017 & 04-12-2017 (ബി) 31.08.2026 ലെ രൂപ 1,24,21,636.80 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 22-06-2018 (ഡി) പ്രതീകാത്മക കൈവശം
			(എ) കരുതൽ വില: രൂപ 70.20 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 7.02 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം

[illegible] 673614, (3) ശ്രീ. [illegible] (4) ശ്രീ. [illegible] 20/575 B, [illegible] കോഴിക്കോട് - 673003, [illegible] 5/63, [illegible] കോഴിക്കോട്- 673603, (5) ശ്രീ. [illegible] കോഴിക്കോട് - 673525, (6) ശ്രീ. [illegible] കോഴിക്കോട്- 673525. (7) ശ്രീ. [illegible] കോഴിക്കോട്-673603. (8) ശ്രീ. [illegible] 36/972 A, [illegible] കോഴിക്കോട്- 673010. (9) ശ്രീ. [illegible] കോഴിക്കോട്- 673573. (10) ശ്രീ. [illegible] കോഴിക്കോട്-673027.

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല. [illegible] 16 - 03 - 2026 ലെ നോട്ടീസ് പ്രകാരം 25 - 26 [illegible] 2,24,359 രൂപയുടെ [illegible]

ഇ - ലേല തീയതിയും സമയവും: 30-09-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി 29-09-2026

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 28-09-2026

ഇ - ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: [illegible] "എവിടെയാണോ" "എങ്ങനെയാണോ" "എന്തൊക്കെയാണോ" [illegible] (3) ഇ - ലേല വിൽപന ഓൺലൈൻ മുഖാന്തിരം 30-09-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും ഇടയിൽ https://www.baanknet.com [illegible] https://www.baanknet.com & www.pnb.bank.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 09-09-2026, സ്ഥലം: കോഴിക്കോട് (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ

ആധാർ ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് Aadhar Housing Finance Ltd.

കോർപ്പറേറ്റ് ഓഫീസ്: ഓഫീസ് നമ്പർ 501 & 503, അഞ്ചാം നില, മെറ്റ്ഗ്രിഡ്, സാകി വിഹാർ റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ സബർബൻ (ജില്ല)
വടകര ബ്രാഞ്ച്: കെട്ടിട നമ്പർ 21/106 സി, ഒന്നാം നില, മുനിസിപ്പൽ റോഡ്, പുതിയ ബസ് സ്റ്റാൻഡിന് സമീപം, വടകര, വടകര പോസ്റ്റ്, കോഴിക്കോട്673101, (കേരളം).

അനുബന്ധം IV **കൈവശാവകാശ അറിയിപ്പ്** (സ്ഥാവരവസ്തുക്കൾ)

[illegible]

ക്രമ നം.	വായ്പക്കാരൻ/സഹവായ്പക്കാരൻ പേര്	സുരക്ഷിതവസ്തുവിന്റെ വിവരണം (സ്ഥാവരവസ്തു)	ഡിമാൻഡ് നോട്ടീസ് തീയതിയും തുകയും	കൈവശ തീയതി
1.	(കമ്മൈൻഡ് ലോൺ കോഡ് നമ്പർ 26710000073 വടകര ബ്രാഞ്ച്) ഗണേശൻ (വായ്പക്കാരൻ) ബിന്ദു കെ.കെ. (സഹവായ്പക്കാരി)	[illegible]	10 ഡിസംബർ 24 രൂപ. 2,40,852.00	09 സെപ്റ്റംബർ 26

സ്ഥലം: വടകര , തീയതി: 11-09-2026 ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ, ആധാർ ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

Scanned with OKEN Scanner